**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**
**<u>തണ്ടർബോൾട്ട് സേനാവിഭാഗം</u>**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :4505** — **22/7/2015-ൽ മറുപടിക്ക്**

**<u>ചോദ്യം</u>**

**ശ്രീ.വർക്കല കഹാർ**
**ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ**
**ശ്രീ. ആർ.സെൽവരാജ്**
**ശ്രീ. വി.റ്റി. ബൽറാം**

**<u>മറുപടി</u>**

**ശ്രീ. രമേശ് ചെന്നിത്തല**
**(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് തണ്ടർബോൾട്ട് സേനാവിഭാഗം രൂപികരിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) | തീവ്രവാദത്തെയും, രാജ്യവും, സംസ്ഥാനവും നേരിടുന്ന എല്ലാവിധ ആന്റി സോഷ്യൽ പ്രവർത്തനങ്ങളെയും, കേരളത്തിന്റെ വിവിധ ജില്ലകളിലെ മാവോയിസ്റ്റ്, നക്സലൈറ്റ് മുതലായ വിധ്വംസക പ്രവർത്തനങ്ങളെയും നേരിടുക എന്നതാണ് ഇന്ത്യ റിസർവ് ബറ്റാലിയനിലെ കമാണ്ടോ സേന വിഭാഗത്തിന്റെ രൂപീകരണോദ്ദേശ്യം. |
| (സി) | ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ; | (സി) | പ്രശ്ന ബാധിത പ്രദേശങ്ങളിലെ ലോക്കൽ പോലീസ് , സ്പെഷ്യൽ പോലീസ്, ഇന്റലിജൻസ് വിഭാഗം, ഫോറസ്റ്റ് വിഭാഗം, കേരള ആന്റി ടെററിസ്റ്റ് സ്ക്വാഡ് (KATS), എ.എൻ.എസ് (ആന്റി നക്സൽ സ്ക്വാഡ്) എന്നിവരുമായി സഹകരിച്ച് പ്രസ്തുത കമാണ്ടോ വിഭാഗം പ്രവർത്തിച്ച് വരുന്നു. |
| (ഡി) | ഇത് നടപ്പാക്കാൻ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ? | (ഡി) | രണ്ടു ഘട്ടങ്ങളിലായി 18 മാസത്തെ പരിശീലനം ലഭിച്ചിട്ടുള്ളവരാണ് ഈ കമാണ്ടോകൾ. ആദ്യത്തെ 9 മാസത്തെ പോലീസ് ട്രെയിനിംഗും പിന്നീട് സംസ്ഥാനത്തിന് പുറത്ത് ആർമി, ബി.എസ്.എഫ്, സി.ആർ.പി.എഫ് തുടങ്ങിയ കേന്ദ്ര സേനകളോടൊപ്പം 9 മാസത്തെ വിവി ധ തരത്തിലുള്ള ട്രെയിനിംഗ്, കൂടാതെ എയർ ഫോഴ്സ്, ഗ്രേ ഹൗണ്ട്സ് , എൻ.എസ്.ജി ട്രെയിനിംഗ് തുടങ്ങിയ കേന്ദ്ര സേനകളോടൊപ്പം ആധുനിക പരിശീലനവും നൽകി വരുന്നു. പിന്നീട് ഈ കമാണ്ടോകൾ ആവശ്യം അനുസരിച്ച് പ്രശ്ന ബാധിത പ്രദേശങ്ങളിലെ ലോക്കൽ , സ്പെഷ്യൽ പോലീസ്, ഇന്റലിജൻസ് വിഭാഗം, ഫോറസ്റ്റ് വിഭാഗം, കേരള ആന്റി ടെററിസ്റ്റ് സ്ക്വാഡ് (KATS), എ.എൻ.എസ് (ആന്റി നക്സൽ സ്ക്വാഡ്) എന്നിവരുമായി സഹകരിച്ച് പ്രവർത്തിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ